"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമത്തിനെതിരെ ശ്രീമതി ബിജി.ബി.രാജ് സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.572/2026/AGRI   തീയതി,തിരുവനന്തപുരം, 20-06-2026

---

പരാമർശം:- 1. പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 24.02.2024-ലെ 471/2024 നമ്പർ നടപടിക്രമം.

2. ശ്രീമതി ബിജി.ബി.രാജ് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി

3. വെളിനെല്ലൂർ കൃഷി ഓഫീസറുടെ 22.04.2025-ലെ KBV 13/2025-2026 നമ്പർ റിപ്പോർട്ട്.

4. കൊല്ലം ജില്ലാ കളക്ടറുടെ 18.09.2025-ലെ DCKLM/3285/2024/L-10 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ വെളിനല്ലൂർ വില്ലേജിൽ ബ്ലോക്ക് നം.38-ൽ റീ.സർവ്വേ നം.56/4-ൽപ്പെട്ട 6.50 ആർസ് ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി സമർപ്പിച്ച ഫോം 5 അപേക്ഷ നിരസിച്ച പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ പരാമർശം (1) നടപടിക്രമത്തിനെതിരെ പരാമർശം (2) പ്രകാരം ശ്രീമതി ബിജി.ബി.രാജ് സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിവിഷൻ ഹർജിയിയിന്മേൽ പരാമർശം (3) പ്രകാരം വെളിനെല്ലൂർ കൃഷി ഓഫീസർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി:

വെളിനല്ലൂർ വില്ലേജിൽ 36 ബ്ലോക്കിൽ 56/4 സർവ്വേ നമ്പറിൽപ്പെട്ട വസ്തു ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി 2017-18 കാലയളിവിൽ കൃഷി ഭവനിൽ അപേക്ഷ ലഭിച്ചിരുന്നു. 05/10/2018-നു പ്രാദേശിക നിരീക്ഷണ സമിതി അംഗങ്ങൾ ടി സ്ഥലം സന്ദർശിക്കുകയും 25/10/2018-നു ചേർന്ന യോഗത്തിൽ താഴെ പറയും വിധം തീരുമാനം എടുക്കുകയും ചെയ്തു. ടി വസ്തു നിലവിലെ വയൽ പ്രദേശമായി തുടരുന്നതായും ഹ്രസ്വ വിളകൾ കൃഷി ചെയ്തു വരുന്ന സ്ഥലത്തിന്റെ വരമ്പിനോട് ചേർന്ന സ്ഥലങ്ങളിൽ ദീർഘ കാലവിളകൾ കൃഷി ചെയ്തിട്ടുണ്ട്. റോഡ് നിരപ്പിൽ നിന്ന് വളരെ താഴ്ന്ന കിടക്കുന്ന വയലുകൾ KSREC റിപ്പോർട്ടിന്റേയും സ്ഥല പരിശോധനയുടേയും അടിസ്ഥാനത്തിൽ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ല.

2020-21 കാലയളവിൽ ടി സ്ഥലം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നൽകിയ ഫോം 5 അപേക്ഷയിൽ മേൽ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ആയത് സംബന്ധിച്ച് പ്രാദേശിക നിരീക്ഷണ സമിതി 28/9/2021-ന് കൂടിയ യോഗത്തിൽ താഴെ പറയും വിധം തീരുമാനം എടുത്തിരുന്നു. സമിതി നടത്തിയ പരിശോധനയിൽ ടി സ്ഥലത്ത് നീർച്ചാൽ കാണപ്പെട്ടില്ലെന്നും 2008-ന് മുൻപ് നികത്തിയതെന്നു ബോദ്ധ്യമാക്കുന്ന തരത്തിലുള്ള വൃക്ഷങ്ങൾ ഒന്നും കാണപ്പെട്ടിട്ടില്ലെന്നും മുൻ വശത്ത് നിന്നുള്ള റോഡിൽ നിന്നും താഴ്ചയിലാണ് മണ്ണിട്ട് നികത്തിയ ടി വസ്തു എന്നും ആയതിന്റെ വശങ്ങളിൽ പണ കോരി കൃഷി ചെയ്തിട്ടുള്ള വയലുകളും കാണപ്പെട്ടെന്നും ആയതിനാൽ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും ശുപാർശ ചെയ്തു.

2022-23 കാലയളവിൽ RDO-യിൽ നിന്നും വീണ്ടും റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുന്നു. 21/02/2023 ൽ കൂടിയ പ്രാദേശികതല നിരീക്ഷണ സമിതി 28/09/2021 എടുത്ത തീരുമാനം തന്നെ വീണ്ടും RDO-യ്ക്ക് റിപ്പോർട്ട് ചെയ്തു.

2023-24 കാലയളിവിൽ ടി അപേക്ഷ ഓൺലൈൻ ആയിട്ട് വീണ്ടും ലഭിച്ചിരുന്നു. പ്രാദേശിക നിരീക്ഷണ സമിതി വീണ്ടും സ്ഥല പരിശോധന നടത്തുകയും താഴെ പറയും വിധം തീരുമാനം എടുക്കുകയും ചെയ്തു. ടി വസ്തുവിന്റെ മുൻ വശത്ത് അയ്യൂർ-ഓയൂർ റോഡ് സ്ഥിതി ചെയ്യുന്നു. റോഡിനോട് ചേർന്ന സ്ഥലങ്ങളിൽ 30 വർഷത്തിലധികം പ്രായമുള്ള 7 തെങ്ങും തേക്കും നിൽപ്പുണ്ട്. വാഴ കൃഷി ചെയ്തിരുന്ന വസ്തുവിൽ ഒരു കിണറും KSEB യുടെ മീറ്ററും ആണ്. വസ്തു മണ്ണിട്ട് നികത്തിയതായി കാണപ്പെടുന്നുണ്ടെങ്കിലും 2008-ന് മുൻപ് നികത്തിയതാണെന്നും സ്ഥാപിക്കാൻ തരത്തിൽ ഉള്ള വൃക്ഷങ്ങൾ ഒന്നും തന്നെ ഇല്ല. ഉള്ളതൊക്കെ പണ്ട് വരമ്പത്ത് നിന്നതാണെന്നു അനുമാനിക്കാൻ തക്കതാണെന്ന് കമ്മിറ്റി വിലയിരുത്തി. KSREC റിപ്പോർട്ട് അനുസരിച്ച് 2009-ൽ ടി വസ്തുവിന്റെ കിഴക്ക് വശത്ത് മിക്സഡ് വെജിറ്റേഷൻ /പ്ലാന്റേഷൻ എന്നും ബാക്കി തരിശ് എന്നുമാണ്. ആയതിനാൽ 2008-ന് മുൻപ് നികത്തിയത് ആണ് എന്ന് സ്ഥാപിക്കാൻ കഴിയാത്തതിനാൽ ഡാറ്റാ ബാങ്കിൽ നിലനിർത്താൻ കമ്മിറ്റി ശുപാർശ ചെയ്തു.

2012 മാർച്ച് 24 നാണ് ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുന്നത്. ആ സമയത്ത് സ്ഥലപരിശോധന നടത്തി ആണ് ഡാറ്റാ ബാങ്ക് തയ്യാറാക്കിയത്. അന്ന് നികന്നു കിടക്കുകയും എന്നാൽ നീരൊഴുക്കുകൾ ഉള്ളവ നെൽവയലുകളാൽ ചുറ്റപ്പെട്ടവ, ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കിയാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നവ ഒക്കെ ഡാറ്റാ ബാങ്കിൽ നിലനിർത്തിയിരുന്നു. ടി വസ്തു ഉൾപ്പെടുന്ന ഏലയിൽ 2010-ൽ നെൽകൃഷി ചെയ്തിരുന്നതായി 13/04/2012-ലെ പ്രാദേശികതല നീരീക്ഷണ സമിതി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ കാരണങ്ങൾ കാരണം ആകും ഈ വസ്തു ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ട് മണ്ണിട്ട് നികത്തി എന്ന് കൂടി രേഖപ്പെടുത്തിയത്.

ഫോം 5 അപേക്ഷകൾ പരിഗണിക്കുമ്പോൾ 2008-ന് മുൻപ് നികത്തിയതാണെന്നു സാക്ഷ്യപ്പെടുത്തിയാൽ മാത്രമേ RDO ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കി നൽകുകയുള്ളൂ. ഈ കേസിൽ അങ്ങനെ സാക്ഷ്യപ്പെടുത്താൻ കഴിയുന്ന തരത്തിൽ വൃക്ഷങ്ങൾ ഇല്ലാതിരുന്നതും KSREC റിപ്പോർട്ടിൽ തരിശ് എന്ന് രേഖപ്പെടുത്തിയിരുന്നത് കൊണ്ടാണ് പ്രാദേശികതല നിരീക്ഷണ സമിതി ഡാറ്റാ ബാങ്കിൽ നിലനിർത്താൻ തീരുമാനിച്ചത്. ടി വിവരങ്ങൾ അനന്തര നടപടികൾക്കായി ഇതിനാൽ റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

3. പരാമർശം (4) പ്രകാരം കൊല്ലം കളക്ടർ ചുവടെ പറയും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി:

പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 24/02/2024-ലെ 471/2024 നമ്പർ നടപടിക്രമത്തിനെതിരെ ശ്രീമതി ബിജി.ബി.രാജ്, രാജയലയം, ഏഴാംകുറ്റി, കൊട്ടാരക്കര എന്നവർ അങ്ങയുടെ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് നിർദ്ദേശം ലഭിച്ചിരുന്നു. നിലവിൽ കൊട്ടാരക്കര താലൂക്കിലെ തരം മാറ്റം സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) ആയതിനാൽ ടി വിഷയം സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്.

ടി റിപ്പോർട്ട് പ്രകാരം വെളിനല്ലൂർ വില്ലേജിൽ തണ്ടപ്പേർ നമ്പർ 10755-ൽ ബ്ലോക്ക് 38-ൽ സർവ്വേ നമ്പർ 56/4 ൽ ഉൾപ്പെട്ട 6 ആർ 50 ച.മീ. സ്ഥലം വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി ശ്രീമതി ബിജി.ബി. രാജൻ, രാജാലയം, ഏഴാംകുറ്റി കരിങ്ങന്നൂർ (പി.ഒ.), എന്നവർ 13/08/2022 തീയതിയിൽ ഫോറം 5 അപേക്ഷ സമർപ്പിച്ചിരുന്നതും ഫോറം 5 അപേക്ഷയിലെ നടപടിക്രമം പ്രകാരം സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വെളിനല്ലൂർ കൃഷി ഓഫീസർക്ക് അയയ്ക്കുകയും ആയതിൽ കൃഷി ഓഫീസർ KSREC റിപ്പോർട്ടിന്റേയും സ്ഥല പരിശോധനയുടേയും അടിസ്ഥാനത്തിൽ 01/02/2024 തീയതി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്.

കൃഷി ഓഫീസറുടെ റിപ്പോർട്ട് പ്രകാരം അപേക്ഷ വസ്തുവിന്റെ കിഴക്ക് വശത്തായി റോഡിനോട് ചേർന്ന് ഭാഗത്ത് 30 വർഷം പ്രായമായ 7 തെങ്ങ്, തേക്ക് തുടങ്ങിയ മരങ്ങൾ ഉണ്ടെന്നും ബാക്കി ഭാഗത്ത് വാഴ കൃഷി ചെയ്തിരിക്കുന്നതായും കൂടാതെ ടി സ്ഥലത്ത് ഒരു കിണർ KSEB യുടെ മീറ്റർ എന്നിവയുണ്ടെന്നും KSREC റിപ്പോർട്ട് പ്രകാരം 2009-ൽ ടി വസ്തു Fallow Land എന്ന ക്ലാസിഫിക്കേഷനിൽ ഉൾപ്പെട്ടിരിക്കുന്നതായും കിഴക്ക് വശത്ത് mixed vegetation/plantation എന്നാണെന്നും 2008-ന് മുമ്പ് നികത്തപ്പെട്ടതാണെന്ന് സ്ഥാപിക്കാൻ തക്ക വൃക്ഷങ്ങൾ ഒന്നും തന്നെ ഇല്ല എന്നും നിലവിലുള്ള മരങ്ങൾ വരമ്പത്ത് നിന്നാതാണെന്നും കമ്മിറ്റി വിലയിരുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കേണ്ടതില്ല എന്ന് കൃഷി ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ബിജി.ബി.രാജ് സമർപ്പിച്ച ഫോറം 5 അപേക്ഷ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേഗതി) നിയമം വകുപ്പ് 5(4)(i), 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി ) ചട്ടങ്ങൾ, ചട്ടം (4 എഫ്) (4ഇ) എന്നിവ പ്രകാരം പുനലൂർ റവന്യൂ ഡിവിഷണൽ ഓഫീസർ 24/02/2024 തീയതിയിൽ 471/2024 നമ്പർ നടപടിക്രമം പ്രകാരം നിരസിച്ച് ഉത്തരവ് നൽകിയിട്ടുള്ളതാണെന്ന വിവരം തുടർ നടപടികൾക്കായി റിപ്പോർട്ട് ചെയ്തു കൊള്ളുന്നു.

4. പ്രസ്തുത റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി 21.02.2026-ന് കൃഷി വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ഓൺലൈൻ മുഖാന്തിരം ഹിയറിംഗ് നടത്തി. പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്തവർ ചുവടെ ചേർക്കും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു:

(i) ഹർജി കക്ഷി:

മേൽ നമ്പറായ എന്റെ ഭൂമി വളരെ മുൻപ് നിലമായിരുന്നതും ഈ നിലത്തിൽ വെള്ളം എത്തിക്കാൻ ഒരു സാഹചര്യവും ഇല്ലാതെ വന്നപ്പോൾ 1995 ന മുമ്പ് പാറ കെട്ടി മണ്ണിട്ട് നികത്തി വാഴയും മറ്റു ഭക്ഷ്യ വസ്തുക്കളും കൃഷി ചെയ്തു തുടങ്ങിയതായി എന്റെ പിതാവ് ശ്രീ.ബാബുരാജൻ പറഞ്ഞു എനിക്ക് ബോധ്യമായതാണ്. എന്റെ വസ്തുവിന്റെ കിഴക്കും തെക്കും PWD റോഡും വടക്ക്

വശം 56 അഞ്ചിൽപ്പെട്ട 1995 നുമുമ്പ് നികത്തി വിവിധ കൃഷികളും വലിയ മരങ്ങളും നിൽക്കുന്ന ഭൂമിയും അതിനു വടക്ക് വശം സർവ്വേ 56 ഏഴിൽപ്പെട്ട നീർച്ചാലും ടി നീർച്ചാൽ എന്റെ വസ്തുവിൽ നിന്നും ഒരു മീററർ അധികം താഴ്ന്നതും ഒരു കാരണവശാലും എന്റെ സ്ഥലത്തേയ്ക്ക് ഈ ചാലിൽ നിന്നും വെള്ളം ലഭിയ്ക്കാത്തതും എന്റെ വസ്തുവിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള നികത്തിയ ഭൂമിയ്ക്ക് എന്റെ വസ്തുവിൽ നിന്നും രണ്ട് വസ്തുക്കൾക്ക് പടിഞ്ഞാറ് വശത്തു കൂടി തോടുകളും ടി തോട് നിലങ്ങളിൽ നിന്നും താഴ്ന്ന് കിടക്കുന്നതും എന്റെ ഭൂമിയിലേക്ക് വെള്ളം എത്താത്തതും ആയതിനാൽ എന്റെ ഭൂമി നെൽകൃഷി ചെയ്യാൻ കഴിയാതെ വന്നപ്പോൾ ആണ് മണ്ണിട്ട് നികത്തിയത്. മഴ വെള്ളം അല്ലാതെ എന്റെ ഭൂമി നനയ്ക്കാൻ യാതൊരു വഴിയും ഇല്ലാത്തതിനാലാണ് ജലസേചനത്തിന് വാട്ടർ കണക്ഷൻ എടുക്കേണ്ടി വന്നത്. വീട് വെയ്ക്കാൻ ഉള്ള ഉദ്ദേശം ഉണ്ടായിരുന്നത് കൊണ്ടാണ് വസ്തുവിന്റെ ഉള്ളിലേയ്ക്ക് വൃക്ഷങ്ങൾ വെച്ച് പിടിപ്പിക്കാതിരുന്നതും മറ്റു കൃഷികൾ ചെയ്യാതിരുന്നതും. എന്റെ ഭൂമിയുടെ വടക്കു വശം മൂന്നടിയോളം ഉയരത്തിലും പടിഞ്ഞാറു വശം ഒരു മീറ്ററിൽ അധികം ഉയരത്തിൽ പാറ കെട്ടി മണ്ണിട്ട് നികത്തിയിട്ടുള്ളതും നെൽകൃഷി ചെയ്യാൻ സാധിക്കാത്തതും ആകുന്നു.

(ii) ആർ.ഡി.ഒ-യുടെ പ്രതിനിധി & ജില്ലാ കളക്ടർക്ക് വേണ്ടി ജൂനിയർ സൂപ്രണ്ട് :

കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റേയും KSREC റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിലാണ് ഫോം.5 അപേക്ഷ നിരസിച്ചത് എന്നറിയിച്ചു.

(iii) കൃഷി ഓഫീസർ:

സ്ഥല പരിശോധനയിൽ ടി സ്ഥലത്ത് നിലംപോലെ നെൽകൃഷി ചെയ്യുന്നതിന് സാധ്യമല്ല എന്നും പിറകിൽ നിലം ആണെങ്കിലും അവിടെ നെൽകൃഷി ഇല്ലായെന്നും ഹർജി ഭൂമി ഇപ്പോൾ തന്നെ നികന്നതാണെന്നും ആയത് പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ലെന്നും ടി ഭൂമിയിൽ നീരൊഴുക്ക് ഇല്ലായെന്നും അറിയിച്ചു. KSREC റിപ്പോർട്ടിൽ 2009-ൽ Fallow Land എന്ന് കണ്ടതിനാലാണ് ഫോം.5 നിരസിച്ചത് എന്നും അറിയിച്ചു.

5. മേൽ റിപ്പോർട്ടുകളുടേയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടേയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. KSREC റിപ്പോർട്ടിൽ 2008-ലെ ഡാറ്റാ ലഭ്യമല്ല എന്നു കാണുന്നു. 2009-ലെ ഡാറ്റയിൽ Partially Fallow Land /Plantation towards eastern boarders എന്ന് വ്യക്തമാക്കുന്നുണ്ട്. ടി ഭൂമിയിൽ ഇപ്പോൾ നിലം പോലെ നെൽകൃഷി സാധ്യമല്ല എന്ന് കൃഷി ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. ആകയാൽ, ടി ഭൂമിയിൽ നെൽകൃഷി സാധ്യമല്ലായെന്നും, ടി ഭൂമി നികന്നു കിടക്കുന്നതു പാരിസ്ഥിതിക പ്രശ്നങ്ങളോ മറ്റ് ഭൂമികളിലെ കൃഷിയെ തടസ്സപ്പെടുത്തുകയോ ചെയ്യുന്നില്ലായെന്നുമുള്ള കൃഷി ഓഫീസറുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഒരിക്കൽ കൂടി സ്ഥലപരിശോധന നടത്തി പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, 2008-ലെ KSREC റിപ്പോർട്ട് ലഭ്യമാകുന്നില്ല എങ്കിൽ 2007-ലേയും 2009-ലേയും KSREC റിപ്പോർട്ടിലെ ടി ഭൂമിയുടെ സ്ഥിതി പരിശോധിച്ച് ആയതിൽ അക്കാലത്തു നെൽകൃഷി ഇല്ലായെങ്കിലോ നെൽകൃഷി യോഗ്യമല്ലായെങ്കിലോ അക്കാര്യത്തിന്റെ അടിസ്ഥാനത്തിലും, പ്രസ്തുത ഫോം. 5 അപേക്ഷ പുന:പരിശോധിച്ച് ഉചിത തീരുമാനം കൈക്കൊള്ളുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയും, അപ്രകാരം

ശ്രീമതി ബിജി.ബി.രാജ് സമർപ്പിച്ച പരാമർശം (2) റിവിഷൻ ഹർജി തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദേവി എൽ ആർ
അഡിഷണൽ സെക്രട്ടറി

1. ശ്രീമതി ബിജി.ബി.രാജ്, രാജാലയം, ഏഴാംകുറ്റി, കരിങ്ങന്നൂർ പി.ഒ. വെളിനെല്ലൂർ, കൊട്ടാരക്കര, കൊല്ലം.
2. ജില്ലാ കളക്ടർ, കൊല്ലം.
3. റവന്യൂ ഡിവിഷണൽ ഓഫീസർ, പുനലൂർ, കൊല്ലം.
4. പ്രിൻസിപ്പൽ കൃഷി ഓഫീസർ, കൊല്ലം.
5. കൃഷി ഓഫീസർ, വെളിനെല്ലൂർ, കൊല്ലം.
6. വില്ലേജ് ഓഫീസർ, വെളിനെല്ലൂർ, കൊല്ലം.
7. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്).
8. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം. NCA2/95/2025/കൃഷി).

ഉത്തരവിൻ പ്രകാരം
Signed by Manesh C M
Date: 22-06-2026 11:50:19

സെക്ഷൻ ഓഫീസർ